**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **01-02-2023 - ൽ മറുപടിയ്ക്ക്**

**വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ്, ആശുപത്രിയുടെ ഒന്നാം നില എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 26.07.2021 ലെ സ.ഉ (ആർ.റ്റി) നം.1555/2021/ ആ.ക.വ, ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു . നിലവിൽ Plinth beam concrete പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ 25.03.2022 ലെ ഉത്തരവ് നം . RD7-1176/22, പ്രകാരം വടവുകോട് സി.എച്ച്.സി യിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് വരുന്ന ആശുപത്രിയുടെ ഒന്നാം നിലയുടെ തൂണുകളുടെ നിർമ്മാണം നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്നത് KMSCL ഉം നിർമ്മാണ ഏജൻസിയായി പ്രവർത്തിക്കുന്നത് TDLC (Thrissur District Labour Contract Co-operative Society), യുമാണ്. ആശുപത്രിയുടെ ഒന്നാം നിലയുടെ നിർമ്മാണത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD ഡിവിഷൻ, എറണാകുളം നിർവ്വഹണ ഉദ്യോഗസ്ഥനായി നടന്നുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം 2023 ഏപ്രിൽ അവസാനത്തോടെയും ആശുപത്രിയുടെ ഒന്നാം നിലയുടെ നിർമ്മാണം 2023 ഓഗസ്റ്റ് അവസാനത്തോട്ടുകൂടിയും പൂർത്തിയാകും എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ